**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6184** **17-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ആദിവാസി മേഖലകളിൽ വൈദ്യുതി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ആദിവാസി മേഖലകളിൽ വൈദ്യുതി വിതരണം നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ, വൈദ്യുതി ലഭ്യമല്ലാത്ത പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്ന-തിലേക്കായി DPR പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൽ പാലക്കാട് ജില്ലയിലെ 24 കോളനികളും ഉൾപ്പെട്ടിരുന്നു. ഇതിൽ പുല്ലുകാട്, കന്ദളം, കൽച്ചടി, പുളിക്കാലടി, ചുണ്ടോട്ടുകുന്ന് എന്നീ 5 കോളനികൾ നിലവിൽ വൈദ്യുതീകരിച്ചിട്ടുണ്ട്.<br><br>വൈദ്യുതീകരണത്തിനു വേണ്ടി വരുന്ന ഉയർന്ന ചെലവ്, ലൈൻ വലിക്കുന്നതിനു തമിഴ്നാട്ടിൽ നിന്നും വേണ്ടി വരുന്ന അനുമതി തുടങ്ങിയ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 5.07.2022 ൽ നടന്ന യോഗത്തിന്റെ തീരുമാനപ്രകാരം ഓഫ് ഗ്രിഡ് സോളാർ പദ്ധതി നിർദ്ദേശിച്ചിരുന്നതിനാൽ പാലക്കാട് ജില്ലയിലെ വരഗപതി, പൂപ്പാറ, തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവൻപാടി, കുരിയാർകുറ്റി എന്നീ 6 കോളനികളെ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും സോളാർ വൈദ്യുതീകരണ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇത് കൂടാതെ ചെറുനെല്ലി, കച്ചിത്തോട്, താഴെതുടക്കി, മേലേതുടക്കി, ഗലസി, ഊരാടം എന്നീ 6 കോളനികളും സോളാർ വൈദ്യുതീകരണ ലിസ്റ്റിൽ ആണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ പൂപ്പാറ തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവൻപാടി, കുരിയാർകുറ്റി, ചെറുനെല്ലി, കച്ചിത്തോട് എന്നീ കോളനികളിൽ നിലവിൽ ശേഷി കുറഞ്ഞ സോളാർ വൈദ്യുതി ലഭ്യമാണ്.<br><br>ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന ബാക്കിയുള്ള 7 കോളനികളിൽ വൈദ്യുതീകരണത്തിനു |

| | | | |
|---|---|---|---|
| | | | ആവശ്യമായ തുകയുടെ 20% ട്രൈബൽ വകുപ്പും ബാക്കി 80% തുക കെ.എസ്.ഇ.ബി.എൽ.-ഉം വഹിക്കാൻ 6.02.2023 ൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ കോളനികളുടെ വൈദ്യുതീകരണം മെയ് മാസത്തോടു കൂടി പൂർത്തീകരിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നത്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS മായി ബന്ധപ്പെട്ട ജില്ലാതലത്തിൽ നടന്ന വർക്ക് ഷോപ്പിൽ, ഇനിയും വൈദ്യുതീകരിക്കാത്തതും എന്നാൽ മേൽലിസ്റ്റിൽ ഉൾപ്പെടാത്തതുമായ പാങ്ങോട്, മുണ്ടക്കുന്ന് എന്നീ കോളനികളിലെ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതു RDSS പദ്ധതിയുടെ അധിക പ്രോപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.<br><br>അനെർട്ട് മുഖാന്തിരം താഴെ ഇടുക്കി ഉൗരിലെ 45 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി 50 കിലോവാട്ട് ശേഷിയുള്ള സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം എല്ലാ വീടുകളിലും LED ട്യൂബ് ലൈറ്റ്, ബൾബ് തുടങ്ങിയവ സജ്ജമാക്കിയിട്ടുണ്ട്. മേലെ ഇടുക്കി, ഗലസ്സി, ഉൗരാടം എന്നീ കോളനികളിൽ സോളാർ പ്ലാന്റ് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി അവസാന ഘട്ടത്തിലാണ്. മറ്റു കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്രാഥമിക പഠനം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ